**ഓഫീസ് അധികാരികൾ വാഹൻ സോഫ്റ്റ്‌വെയറിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ.**

1.ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ് (സെയിൽ)
2. ചേഞ്ച് ഓഫ് അഡ്രസ്
3.ഹൈപ്പോത്തികേഷൻ നോട്ടിംഗ്
4. ഹൈപ്പോത്തികേഷൻ ടെർമിനേഷൻ
5. ഡ്യൂപ്ലിക്കേറ്റ് ആർ. സി

മേൽപ്പറഞ്ഞിരിക്കുന്ന സേവനങ്ങൾക്ക് അപേക്ഷകൻ ആധാർ അധിഷ്ഠിതമായി അപേക്ഷ സമർപ്പിക്കുമ്പോൾ പ്രസ്തുത അപേക്ഷകൾ സംസ്ഥാനത്തെ ആർ.ടി.ഒ/ സബ്.ആർ.ടി ഓഫീസുകളിലേക്ക് ഓട്ടോമാറ്റിക്കായി അലോട്ട് ചെയ്തു പോകുന്നതാണ്.

ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ്, ചേഞ്ച് ഓഫ് അഡ്രസ്സ് എന്നീ സേവനങ്ങൾക്ക് കൂടാതെ കമ്പൈൻഡ് ആയിട്ട് (HPT,HPN,DRC) അപേക്ഷകൻ സർവീസ് ഓഫീസ് സെലക്ട് ചെയ്ത് അപേക്ഷിക്കുമ്പോൾ ആയത് തുടർ സേവനങ്ങൾക്കായി സംസ്ഥാനത്തെ ആർ.ടി.ഒ/ സബ് ആർ.ടി ഓഫീസുകളിലേക്ക് റാൻഡമൈസ് ചെയ്തു പോകുന്നതാണ്.

ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ്, ചേഞ്ച് ഓഫ് അഡ്രസ്സ് എന്നീ സേവനങ്ങൾ അതോടൊപ്പം ഉള്ള കമ്പൈൻഡ് സേവനങ്ങൾ (HPT,HPN,DRC) അപ്രൂവ് ചെയ്തു കഴിഞ്ഞാൽ ഡാറ്റ ഓട്ടോമാറ്റിക്കായി തന്നെ സർവീസ് തിരഞ്ഞെടുത്ത ഓഫീസിലേക്ക് മൂവ് ആവുന്നതാണ്.

യൂണിഫൈഡ് സർവീസിന്റെ രണ്ടാംഘട്ടത്തിൽ അപേക്ഷകന്റെ അധികാരപരിധിക്ക് അനുസരിച്ച് വില്ലേജുകൾ പരിവാഹനിൽ മാപ്പ് ചെയ്യുന്നതു വരെ ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ്, ചേഞ്ച് ഓഫ് അഡ്രസ്സ് എന്നീ സേവനങ്ങൾ, അതോടൊപ്പം ഉള്ള കമ്പൈൻഡ് സേവനങ്ങൾ (HPT,HPN,DRC) അപ്രൂവലിനു ശേഷം വാഹനം വാങ്ങിയ വ്യക്തിയുടെ വിലാസത്തിലുള്ള അധികാരപരിധിയിലുള്ള ഓഫീസിലേക്ക് ഓട്ടോമാറ്റിക്കായി ഡാറ്റ മൂവ് ആവുമെങ്കിലും എന്തെങ്കിലും കാരണവശാൽ അതോറിറ്റി ഓഫീസിൽ വ്യത്യാസമുണ്ടായാൽ, സർവീസ് ഓഫീസ് അഡ്മിൻ ഡാറ്റ കൃത്യമായ ഓഫീസ് അതോറിറ്റിക്ക് മൂവ് ചെയ്യേണ്ടതാണ് .

തുടർന്നും ഡാറ്റ ട്രാൻസ്ഫർ നടക്കാത്ത പക്ഷം അപേക്ഷകൻ ആവശ്യപ്പെടുകയാണെങ്കിൽ വാഹനം വാങ്ങിയ വ്യക്തിയുടെ അധികാരപരിധിയിലുള്ള ഓഫീസ് അഡ്മിൻ ഡാറ്റ പുൾ ചെയ്യേണ്ടതാണ്.

റാൻണ്ടമൈസേഷൻ ഓഫ് ആപ്ലിക്കേഷൻ ആയി ബന്ധപ്പെട്ട പാലിക്കേണ്ട ഓഫീസ് നടപടികൾ

**ആധാർ അധിഷ്ഠിതമായ സേവനങ്ങൾ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ അടിസ്ഥാനത്തിൽ ഫേസ്‌ലെസ്സ് ആയി പൊതുജനങ്ങൾക്ക് നൽകുന്നതിലേക്കായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാകുന്നു.**

വാഹൻ ലോഗിനിലെ ഫേസ്‌ലെസ്സ് ആപ്ലിക്കേഷൻ എന്ന റേഡിയോ ബട്ടൺ ക്ലിക്ക് ചെയ്തു ലഭ്യമാകുന്ന അപേക്ഷകൾ 5 ദിവസത്തിനുള്ളിൽ തന്നെ വെരിഫൈ ചെയ്ത് അപ്രൂവ് പൂർത്തിയാക്കി ഇരിക്കേണ്ടതാണ്. ഇതിലേക്കായി ഓഫീസ് മേധാവികൾ അവരവരുടെ ഓഫീസുകളിൽ ആവശ്യമുള്ള ക്രമീകരണങ്ങൾ സജ്ജമാക്കേണ്ടതാണ്.

പരമാവധി അഞ്ചുദിവസത്തിനുള്ളിൽ നിയമാനുസരണം ലഭ്യമായ അപേക്ഷകൾ പൂർത്തിയാക്കാത്ത പക്ഷം (വെരിഫൈ & അപ്രൂവൽ) ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നതാണ്.

അപേക്ഷകളിൽ എന്തെങ്കിലും ന്യൂനതകൾ ഉള്ള പക്ഷം ആയതിനുള്ള കാരണം വ്യക്തമായ റിമാർക്കിൽ രേഖപ്പെടുത്തി മാത്രമേ ഹോൾഡ് ചെയ്യുവാൻ പാടുള്ളൂ. ഹോൾഡ് ചെയ്യപ്പെട്ട അപേക്ഷകളുടെ സ്റ്റാറ്റസ് ചുവപ്പ് നിറത്തിൽ മാറുന്നതും അവസാനത്തെ റിമാക്കിൽ ഹൊൾഡ് ചെയ്യപ്പെടാൻ ഉണ്ടായ കാരണം അപേക്ഷകർക്കും ഓഫീസിലും കാണാവുന്നതാണ്.

അപേക്ഷകൻ ന്യൂനത പരിഹരിച്ചാൽ ഉടൻ തന്നെ സ്റ്റാറ്റസ് ബട്ടൻ പച്ച നിറത്തിൽ മാറുന്നതാണ്. ഇത്തരത്തിൽ സ്റ്റാറ്റസ് മാറുന്ന അപേക്ഷകൾ അതേ ദിവസം തന്നെ പൂർത്തിയാക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഹോൾഡ് ചെയ്യുവാൻ സാധിക്കാത്ത അപേക്ഷകൾ ഉള്ള പക്ഷം വിവരം അപേക്ഷകനെ ഫോൺ മുഖാന്തരം അറിയിക്കേണ്ടതാണ്.

ഡ്യൂപ്ലിക്കേറ്റ് ആർ.സിക്കുള്ള അപേക്ഷകൾ ആധാർ അധിഷ്ഠിതമായി അപേക്ഷിക്കുകയാണെങ്കിൽ അപ്‌ലോഡ് ചെയ്യപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ (സ്മാർട്ട് മൂവ് ആർ.സി ഉള്ള പക്ഷം) വാഹൻ വിവരങ്ങളുമായി ഒത്തുനോക്കി അപ്രൂവൽ ചെയ്യാവുന്നതാണ്. ഡാറ്റ വ്യത്യാസമോ പൊരുത്തക്കേടുകളോ ഉണ്ടെങ്കിൽ ഒറിജിനൽ അതോറിറ്റിക്ക് അപേക്ഷ വാഹനത്തിൻറെ ഒറിജിനൽ രേഖകൾ വെരിഫൈ ചെയ്ത് ഇഷ്യൂ ചെയ്യുന്നതിലേക്ക് മാറ്റി നൽകാവുന്നതാണ്.

ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ് (സെയിൽ) അപേക്ഷയിൽ സാമ്യതയുള്ള അഡ്രസ്സ് കാണപ്പെടുന്ന കേസുകളിൽ അപേക്ഷകരെ നേരിട്ട് കേൾക്കേണ്ട സാഹചര്യമുണ്ട് എന്ന് ബോധ്യമായാൽ ആയത് വാഹനം വാങ്ങുന്ന വ്യക്തിയുടെ ഓഫീസിലേക്ക് അപേക്ഷ മാറ്റി നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ സാഹചര്യമൊഴികെ മറ്റൊരു സേവനങ്ങൾക്കും മോഡിഫൈ ഓഫീസ് ഇൻ ആപ്ലിക്കേഷൻ വഴി അപേക്ഷ മാറ്റുവാൻ പാടുള്ളതല്ല **"ഓഫീസ് അഡ്മിൻ മോഡിഫൈ ഓഫീസ് ഇൻ ആപ്ലിക്കേഷൻ"** എന്ന ആക്ഷൻ സൂപ്പർവൈസറി സ്റ്റാഫുകൾക്ക് മാത്രമായി ലിമിറ്റ് ചെയ്തു നൽകേണ്ടതാണ്.

ഓഫീസുകളിൽ ആധാർ അധിഷ്ഠിതമായി സേവനങ്ങൾ വെരിഫൈ അപ്രൂവ് ചെയ്യുമ്പോൾ വാഹനിലെ **e-KYC** ടാബ് മെനു പരിശോധിച്ച് അപേക്ഷകന്റെ വിവരങ്ങളാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

റാൻണ്ടമൈസേഷൻ ഓഫ് ആപ്ലിക്കേഷൻ രീതിയിൽ ലഭ്യമാകുന്ന അപേക്ഷകൾ ഓഫീസിൽ കൈകാര്യം ചെയ്യുന്നതിന് എത്ര കൗണ്ടറുകൾ വേണമെന്ന് ഉള്ളത് ഓഫീസ് തലവന്മാർക്ക് തീരുമാനിക്കാവുന്നതാണ്.

കൂടാതെ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/ ആർ.ടി.ഒ മാർ പരിവാഹൻ റിപ്പോർട്ട് മോഡ്യൂളിലെ എന്നീ യൂട്ടിലിറ്റി റിപ്പോർട്ടിലെ **റാൻഡം ആപ്ലിക്കേഷൻ അലോക്കേഷൻ റിപ്പോർട്ട് ,** സമ്മറി റിപ്പോർട്ടിലെ **വിത്തൗട്ട് പബ്ലിക് ഇൻറർഫേസ് വെഹിക്കിൾ റിലേറ്റഡ് സർവീസ് റിപ്പോർട്ട്** എന്നീ സംവിധാനങ്ങളിലൂടെ റാൻഡമൈസേഷൻ ഓഫ് ആപ്ലിക്കേഷൻ മുഖാന്തരം ലഭിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .